**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 424** **05-10-2021 - ൽ മറുപടിയ്ക്ക്**

**പരസ്യ പ്രചാരണത്തിനായി കിഫ്ബി ചെലവഴിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ മൂന്ന സാമ്പത്തിക വർഷങ്ങളിൽ പരസ്യ പ്രചാരണത്തിനായി കിഫ്ബി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (എ) | നിലവിൽ 64,338.73 കോടി രൂപയുടെ 918 പദ്ധതികളാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. ഇത്രയും വലിയ ഒരു ധനസമാഹരണത്തിനു സ്വാഭാവികമായും വിവിധ സ്രോതസ്സുകളെ കിഫ്ബിയ്ക്ക് ആശ്രയിക്കേണ്ടി വരുന്നുണ്ട്. മികച്ച പലിശ നിരക്കിൽ വലിയ വായ്പകൾ ഉറപ്പുവരുത്തുന്നതിന് നിക്ഷേപകരുടെ പൂർണ്ണ പിന്തുണയും കിഫ്ബിയിൽ അവർക്കുള്ള വിശ്വാസ്യതയും സുപ്രധാനമാണ്. എന്നാൽ ഈ വിശ്വാസ്യത തകർക്കുന്നതിനും വസ്തുതകൾ മറച്ചുവെച്ച് പൊതു ജനമധ്യത്തിൽ കിഫ്ബിയെ തെറ്റായി ചിത്രീകരിക്കുന്നതിനുമുള്ള ബോധപൂർവമുള്ള ശ്രമങ്ങൾ വിവിധ കോണുകളിൽ നിന്നുണ്ടായി. ഈ സാഹചര്യത്തിലാണ് കിഫ്ബിയുടെ പ്രവർത്തനങ്ങൾ നിക്ഷേപകരിലേക്കും കൂടുതൽ ജനങ്ങളിലേക്കും എത്തിക്കുന്നതിനായും അവാസ്തവമായ വാർത്തകളിലെ പൊള്ളത്തരങ്ങൾ തുറന്നുകാട്ടുന്നതിനായും ഒരു മീഡിയ പദ്ധതി കിഫ്ബിയിൽ വിഭാവനം ചെയ്തത്. ഇതിന്റെ ഭാഗമായി വിവിധ വേദികളിൽ കിഫ്ബിയുമായി ബന്ധപ്പെട്ട ബോധവത്കരണ പരിപാടികളും വിവിധ മാധ്യമങ്ങൾ മുഖേന പ്രചാരണങ്ങളും നടത്തുകയുണ്ടായി. ഇത്തരത്തിലുള്ള ഒരു സംവിധാനം നിക്ഷേപകർക്കും പൊതുജനത്തിനും കിഫ്ബിയിലുള്ള വിശ്വാസ്യത വളർത്തുന്നതിന് സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. കിഫ്ബി 2018-19 സാമ്പത്തിക വർഷത്തിൽ 36,04,640 രൂപയും, 2019-20 സാമ്പത്തിക വർഷത്തിൽ 25,33,29,147 രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 44,23,72,112 രൂപയും പരസ്യ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ